# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6147

07.11.2016 - ൽ
മറുപടിക്ക്

## കാർഷിക സർവ്വകലാശാലയിലെ ഒഴിവുകൾ

ചോദ്യം
ശ്രീ. റ്റി.വി. രാജേഷ്

മറുപടി
ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ്, അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകളിലേക്ക് എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതുവരെ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു; വിശദാംശം നൽകുമോ; | എ) കേരള കാർഷിക സർവ്വകലാശാലയിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിൽ 205 ഒഴിവുകളുണ്ട്. ഇതിൽ 103 ഒഴിവുകൾ പി. എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ ആരെയും നിയമിച്ചിട്ടില്ല. അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-II എന്ന തസ്തിക സർവ്വകലാശാലയിൽ നിലവിലില്ല. |
| ബി) ഒഴിവുകൾ നിലവിലുണ്ടായിട്ടും എല്ലാ ഒഴിവുകളും പി.എസ്.സി.യെ യഥാ സമയം അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന്, നിലവിൽ കാർഷിക സർവ്വകലാശാലയിലെ തസ്തികകളിലെ ജോലിഭാരം നിർണ്ണയിച്ച ശേഷം ഭരണസമിതി പരിശോധിച്ച് ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യം തീരുമാനിക്കും എന്ന് സർവ്വകലാശാല ജനറൽ കൗൺസിൽ തീരുമാനിച്ചതിൻ പ്രകാരമാണ് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യുവാൻ കഴിയാത്തത്. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| സി) താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | സി) (ബി)-പിരിവിലെ ഉത്തരത്തിൽ വ്യക്തമാക്കിയിരിക്കുന്നത് പ്രകാരം സർവ്വകലാശാല ഭരണസമിതി തീരുമാന പ്രകാരം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ